**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 740** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2021-22 കാലയളവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ, പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനായുള്ള ഭൂമി വാങ്ങുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് ഭൂമി നൽകാൻ കഴിഞ്ഞു; വിശദമാക്കാമോ; | (എ) | പ്രസ്തുത മണ്ഡലത്തിൽ നിന്നും ഭൂരഹിത പുനരധിവാസ പദ്ധതിക്കായി 25 അപേക്ഷകൾ ലഭിച്ചതിൽ 17 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ദുർബലമായവയുടെ നവീകരണം, പഠനമുറികളുടെ നിർമ്മാണം എന്നിവയ്ക്ക് എത്ര അപേക്ഷ പട്ടികജാതി വിഭാഗത്തിൽ നിന്നും ലഭിച്ചു; എത്രയെണ്ണം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | ഭവനപൂർത്തീകരണത്തിനായി ലഭിച്ച 75 അപേക്ഷകളിൽ 37 എണ്ണം അനുവദിച്ചിട്ടുണ്ട്. പഠനമുറിയ്ക്കായി ലഭിച്ച 58 അപേക്ഷകളിൽ 35 എണ്ണം അനുവദിച്ചിട്ടുണ്ട്. ദുർബലമായ വീടുകളുടെ നവീകരണത്തിന് നിലവിൽ പദ്ധതി നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ